LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ

155 (1211) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും അനദ്ധ്യാപക തസ്തികകൾ പി.എസ്.സി.-ക്ക് വിടുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുന്നതിന് സർവ്വകലാശാലകളിലെ ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും ഭേഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ പി.എസ്.സി.-ക്ക് അധിക ചുമതല നൽകുന്നതിനുള്ള ആക്ടും പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനം

156 (1212) ശ്രീ. എൻ. എ. നെല്ലിക്കുന്ന് . താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് പിന്നോക്ക സമുദായ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യത്തിന് നോൺ ക്രീമിലെയർ മാനദണ്ഡ പ്രകാരം കുടുംബ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് പിന്നോക്ക സമുദായ വിദ്യാർത്ഥികൾ നോൺ ക്രീമിലെയർ മാനദണ്ഡ പ്രകാരം കുടുംബ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ച് പിന്നോക്ക സമുദായ സംവരണാനുകൂല്യം കരസ്ഥമാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനം നോൺ ക്രീമിലെയർ മാനദണ്ഡപ്രകാരം ലഭ്യമാകുന്ന കുടുംബവരുമാന സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിലായിരിക്കണമെന്ന് ബഹു.കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പിന്നോക്ക സമുദായ സംവരണാനുകൂല്യത്തിന് സംസ്ഥാനത്ത് നിലവിലുള്ള നോൺ ക്രീമിലെയർ ഉത്തരവ് 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് ബാധകമാക്കണമെന്ന് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) മേല്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കി 2015-16-ലെ പ്രവേശന പരീക്ഷയുടെ കാര്യവിവര പത്രിക പുറപ്പെടുവിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകുമോ ;

(എഫ്) പൊതുപ്രവേശന പരീക്ഷയുടെ അപേക്ഷാഫാറത്തിന്റെ മാതൃക പൊതു പ്രവേശന പരീക്ഷയുടെ കാര്യ വിവര പത്രികയിൽ ഉൾപ്പെടുത്തുന്ന കാര്യവും, റാങ്ക് പട്ടികയിൽ സ്ഥാനം ലഭിച്ച് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാങ്കിൽ ഫീസടച്ച് പ്രവേശനം ഉറപ്പ് വരുത്തുന്നതിന് മതിയായ സമയം അനുവദിക്കുന്ന കാര്യവും വ്യവസ്ഥ ചെയ്യുമോ ;

(ജി) മെച്ചമായ കോഴ്സും സൗകര്യപ്രദമായ കോളേജും ലഭിക്കുന്നതിന് ഹയർ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെ റീ-അലോട്ട്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്ത് പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് നിലവിൽ എസ്.ഇ.ബി.സി സംവരണാനുകൂല്യമാണ് അനുവദിച്ചിട്ടുള്ളത്. എസ്.ഇ.ബി.സി സംവരണാനുകൂല്യത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒ.ബി.സി. വിഭാഗങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് ക്രീമിലെയർ മാനദണ്ഡപ്രകാരമാണ്.

(സി) ഇല്ല. 7-8-2013-ൽ ബഹു. കേരള ഹൈക്കോടതി WP(C)29271/2012, 11578/2013 എന്നീ കേസുകളിൽ പുറപ്പെടുവിച്ച പൊതു വിധിന്യായപ്രകാരം ബഹു. സുപ്രീം കോടതിയുടെ അശോക് കുമാർ താക്കൂർ കേസിലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും കുടുംബവരുമാനവും മറ്റും പരിഗണിച്ച്, പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് വിശദമായ ഒരു സ്വതന്ത്ര പഠനം നടത്തുവാനും 2014-15 വിദ്യാഭ്യാസ വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിൽ നടപ്പിൽ വരുത്തുവാനും നിർദ്ദേശിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ 20-12-2013-ന് നൽകിയ ഇടക്കാല റിപ്പോർട്ടിൽ കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, താൽക്കാലികമായി 2014-15 അദ്ധ്യയന വർഷത്തെ എസ്.ഇ.ബി.സി വിഭാഗത്തിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് ക്രീമിലെയർ മാനദണ്ഡങ്ങൾ ആവശ്യമെങ്കിൽ ബഹു.കേരള ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി സ്വീകരിക്കാവുന്നതാണ് എന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഇ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അന്തിമ മറുപടി ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള സംവരണക്രമമാണ് 2015-16-ലെ കാര്യവിവര പട്ടികയിൽ ഇപ്പോൾ ഉൾപ്പെടുത്തുന്നത്.

(എഫ്) സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി പൊതു പ്രവേശന പരീക്ഷയുടെ അപേക്ഷ ഓൺലൈൻ വഴിയാണ് വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടത്. ഓൺലൈൻ വഴി അപേക്ഷിക്കേണ്ടുന്ന രീതി പൊതു പ്രവേശന പരീക്ഷയുടെ കാര്യവിവര പത്രികയിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. മാത്രമല്ല അപേക്ഷാർത്ഥികളെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. റാങ്ക് പട്ടികയിൽ സ്ഥാനം ലഭിച്ച് അലോട്ട്മെന്റ് ലഭിക്കുന്ന അപേക്ഷാർത്ഥികൾക്ക് ബാങ്കിൽ ഫീസടച്ച് പ്രവേശനം ഉറപ്പുവരുത്തുന്നതിന് ബഹു. സുപ്രീം കോടതിയുടെ ഉത്തരവിലെ സമയക്രമം പാലിച്ചുകൊണ്ട് മതിയായ സമയം അനുവദിച്ചുവരുന്നുണ്ട്.

(ജി) ബഹു. സുപ്രീം കോടതി നിശ്ചയിച്ചിട്ടുള്ള സമയക്രമമനുസരിച്ച് അലോട്ട്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നുണ്ട്.

ഇ-സാക്ഷരതാ പദ്ധതി

157 (1213) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly